**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

04.12.2014 -ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നമ്പർ : 1268

**ചാത്തന്നൂർ-പരവൂർ റോഡിന്റെ ഭാഗങ്ങൾ**

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| ശ്രീ. ജി.എസ്.ജയലാൽ | | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) | |
| (എ) | കൊല്ലം താലൂക്കിലെ മീനാട് വില്ലേജ് ഓഫീസ് പരിധിയിൽ ചാത്തന്നൂർ-പരവൂർ റോഡിന്റെ ഭാഗങ്ങൾ സ്വകാര്യ വ്യക്തികൾ കൈയ്യേറ്റം നടത്തി സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിൽ നിന്നും പരാതി ലഭിച്ചിരുന്നുവോ; | (എ) | കൊല്ലം അഡീഷണൽ തഹസിൽദാർക്ക് പരാതി ലഭിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത ഭൂമി കൈയ്യേറ്റക്കാരിൽ നിന്നും തിരികെയെടുക്കുവാൻ നാളിതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (ബി) | പ്രസ്തുത അപേക്ഷയിന്മേൽ ചാത്തന്നൂർ പൊതുമരാമത്ത് നിരത്ത് വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ മീനാട് വില്ലേജിലെ ബ്ലോക്ക് 32-ൽ സർവ്വെ 231/13 ന്റെ അതിർത്തി 19/09/2014-ൽ പുനർനിർണ്ണയം ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത റോഡിന്റെ നിർമ്മാണ ജോലികൾ ആരംഭിക്കേണ്ടതിനാൽ നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | പ്രസ്തുത റോഡ് കൈയ്യേറ്റ സ്ഥലത്തോട് ചേർന്നുള്ള വസ്തുക്കളുടെ റവന്യൂ ലിസ്റ്റ് എത്രയും വേഗം തയ്യാറാക്കി നൽകുവാൻ ജില്ലാകളക്ടർ മീനാട് വില്ലേജ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**